പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3067

07/11/2019-ൽ മറുപടിയ്ക്ക്

## തകർന്ന സ്കൂൾ കെട്ടിടങ്ങളുടെ പുനർനിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ എൽദോ എബ്രഹാം | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് കാലവർഷത്തിലോ പ്രകൃതിക്ഷോഭത്തിലോ മഹാപ്രളയത്തിലോ തകർന്ന സ്കൂളുകൾ ഏതെല്ലാമാണെന്ന് ജില്ല തിരിച്ച് അറിയിക്കാമോ; | (എ) ഇടുക്കി ജില്ല - ഗവ.എൽ.പി.എസ് ആനവിരട്ടി<br>പാലക്കാട് ജില്ല - ഗവ.ജെ.ബി.എൽ .പി.എസ് പെരുവമ്പ്<br>വയനാട് ജില്ല -1) ഗവ.എൽ.പി.എസ് മക്കിമല<br>2) ഗവ.എൽ.പി.എസ് കറിച്ചിയാർമല<br>3) ഗവ.ജി.എൽ.പി.എസ് പുത്തുമല - സ്കൂളിലേയ്ക്കുള്ള റോഡ് ഒലിച്ചു പോയി.<br>കാസർഗോഡ് ജില്ല - ഗവ.എൽ.പി.എസ് ബാവിക്കര |
| (ബി) പ്രസ്തുത കെട്ടിടങ്ങൾ പുനർനിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (ബി) ഇടുക്കി ജില്ലയിലെ ആനവിരട്ടി ഗവൺമെന്റ് എൽ.പി സ്കൂൾ കെട്ടിടത്തിന്റെ പുനഃനിർമ്മാണം പഞ്ചായത്ത് പൂർത്തിയാക്കി. ഈ അദ്ധ്യയന വർഷം മുതൽ അദ്ധ്യയനം തുടങ്ങിയിട്ടുണ്ട്.<br><br>പാലക്കാട് ജില്ലയിലെ പെരുവമ്പ് ഗവൺമെന്റ് ജെ.ബി.എൽ.പി സ്കൂൾ തുടക്കം മുതൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ച് വരുന്നത്. പ്രളയത്തിൽ പ്രസ്തുത കെട്ടിടം ഭാഗികമായി തകർന്നു. ടി കെട്ടിടത്തിന്റെ ഉടമസ്ഥൻതന്നെ പുനഃനിർമ്മാണം നടത്തി. ഇപ്പോൾ ഇവിടെ അദ്ധ്യയനം നടന്നു വരുന്നു.<br><br>വയനാട് ജില്ലയിലെ ഗവൺമെന്റ് എൽ.പി.എസ് മക്കിമല സർക്കാർ ഫണ്ട് ഉപയോഗിച്ച് സ്കൂൾ കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കി. ഈ അദ്ധ്യയന വർഷത്തിൽ അദ്ധ്യയനം തുടങ്ങി. പ്രസ്തുത ജില്ലയിലെ കറിച്ചിയാർമല ഗവൺമെന്റ് എൽ.പി സ്കൂൾ കെട്ടിടങ്ങൾ പൂർണ്ണമായി തകർന്നു. സ്ഥലംതന്നെ ഒഴുകിപ്പോയി. കെട്ടിടം നിലനിന്നിരുന്ന സ്ഥലം പരിസ്ഥിതിലോല പ്രദേശമായതിനാൽ വീണ്ടും ആ സ്ഥലത്തുതന്നെ കെട്ടിടം നിർമ്മിക്കുന്നത് സുരക്ഷിതമല്ലാത്തതിനാൽ മറ്റൊരുസ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുവാൻ ശ്രമിച്ചുവെങ്കിലും |

സ്ഥലവാസികൾ ടി സ്ഥലത്തു നിന്നും സ്കൂൾ മാറ്റി നിർമ്മിക്കുന്നതിൽ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. പുതുതായി സ്ഥലം വാങ്ങാൻ കഴിഞ്ഞിട്ടില്ല. അടുത്തുള്ള മദ്രസയിൽ ടി സ്കൂൾ അദ്ധ്യയനം നടന്നു വരുന്നു. വയനാട് ജില്ലയിലെ ഗവൺമെന്റ് എൽ.പി.എസ് പുത്തുമല സ്കൂൾ കെട്ടിടങ്ങൾക്ക് യാതൊരു കുഴപ്പവുമില്ലെങ്കിലും സ്കൂളിലേയ്ക്ക് പോകുന്ന റോഡ് ഒലിച്ച് പോയി. പാലം നിർമ്മിക്കുന്നതിനുള്ള അനുമതി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും ലഭിച്ചിട്ടില്ല. അടുത്തുള്ള ഫോറസ്റ്റ് സ്റ്റേഷനിൽ അദ്ധ്യയനം നടക്കുന്നു.

കാസർഗോഡ് ജില്ലയിലെ ബാവിക്കര ഗവൺമെന്റ് എൽ.പി.എസ് പുന:നിർമ്മാണത്തിനായി സർക്കാർ ഫണ്ട് അനുവദിക്കുകയും ടി സ്കൂൾ കെട്ടിടങ്ങളുടെ പണി ത്വരിതഗതിയിൽ നടന്നു വരികയും ചെയ്യുന്നു. പണി പൂർത്തിയായാലുടൻ പുതിയ കെട്ടിടത്തിൽ അദ്ധ്യയനം ആരംഭിക്കുന്നതാണ്. ഇപ്പോൾ അടുത്തുള്ള മദ്രസയിൽ ടി സ്കൂൾ അദ്ധ്യയനം നടന്നു വരുന്നു.

Namitha P

സെക്ഷൻ ഓഫീസർ